പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2880 **29-10-2026-ൽ മറുപടിയ്ക്ക്**

തൊണ്ടിലക്കടവ് മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) 80 ശതമാനത്തിലധികം പ്രവൃത്തി പൂർത്തീകരിച്ച തൊണ്ടിലക്കടവ് മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

മറുപടി: തൊണ്ടിലക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. റവന്യൂ വകുപ്പിൽ നിന്നും DVS ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മുൻ സർക്കാർ ഭൂമി ഏറ്റെടുക്കലിനായി 10 കോടി രൂപ അനുവദിച്ച കടലുണ്ടി റെയിൽവേ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

മറുപടി: കടലുണ്ടി മേൽപ്പാലത്തിന് നേരത്തെ തയ്യാറാക്കിയ അലൈന്മെന്റ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. Railway level cross-കൾ ഒഴിവാക്കുന്നതിനായി പഠനം നടത്തുന്നതിൽ കടലുണ്ടി മേൽപ്പാലവും ഉൾപ്പെടുന്നു. റെയിൽവേയിൽ നിന്നും അന്തിമ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സേതുബന്ധൻ പദ്ധതിയിലൂടെ ഭരണാനുമതി ലഭിച്ച ഫറോക്ക് പഴയ പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണത്തിന് റെയിൽവെയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

മറുപടി: ഫറോക്ക് പഴയ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിനായി സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി ₹ 55 കോടി രൂപയുടെ MORTH-ൽ നിന്നുള്ള അനുമതിയും സംസ്ഥാന സർക്കാരിൽ നിന്നും ഭരണാനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി റെയിൽവേയുടെ അധീനതയിലുള്ള ഭൂമി പാട്ടത്തിനെടുക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. തുടർന്ന് റെയിൽവേ ഡിവിഷണൽ മാനേജരിൽ നിന്നും ഭൂമി കൈമാറുന്നതിനുള്ള കരട് കരാർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത കരാറിൽ, റെയിൽവേയുടെ അധീനതയിലുള്ള ഭൂമിക്ക് പകരമായി പൊതുമരാമത്തുവകുപ്പ് കൈവശമുള്ള 678 ചതുരശ്ര മീറ്റർ ഭൂമി

കൈമാറണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന്, റെയിൽവേ ഭൂമി പാട്ടത്തിനെടുക്കുന്നതും നിലവിലുള്ള അപ്രോച്ച് റോഡിന്റെ 678 ചതുരശ്ര മീറ്റർ ഭൂമി എക്സ്ചേഞ്ച് അടിസ്ഥാനത്തിൽ കൈമാറുന്നതും സംബന്ധിച്ച കരാർ വ്യവസ്ഥകളിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ റെയിൽവേ അധികൃതരുമായി ചർച്ച ചെയ്ത് അന്തിമമായി പാട്ടത്തിനെടുക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം, പാട്ടക്കാലാവധി, പാട്ടനിരക്കുകൾ, ബാധകമായ നികുതികൾ, പണമടയ്ക്കൽ രീതി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ കരാർ പരിശോധനയ്ക്കായി സമർപ്പിക്കുവാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ